**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 95** **27-07-2021 - ൽ മറുപടിയ്ക്ക്**

**പാലുല്പാദനത്തിൽ സ്വയം പര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എ. രാജ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്; | (എ) | 2015-ൽ പ്രതിദിനം 16.36 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-21ൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന സംഭരണം 21 .3 ലക്ഷം ലിറ്ററായി വർദ്ധിച്ചു. 2017-18 വർഷത്തിൽ കേരളത്തിൽ പാൽ ഉല്പാദനത്തിൽ ദേശീയ വളർച്ചാ ശരാശരിയെക്കാൾ വർദ്ധനവ് രേഖപ്പെ ടുത്തി. കേരളത്തിൽ 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്ന സ്ഥാനത്ത് സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടി ആക്കുന്നതിനായി അന്യസംസ്ഥാനത്ത് എത്തിക്കുന്ന സ്ഥിതിയിലേക്ക് പാലുൽപ്പാദനം വർദ്ധിച്ചു.. മിൽമയുടെ മൂന്ന് മേഖല യൂണിയനുകളുടേയും ആഭ്യന്തര പാൽ സംഭരണത്തിൽ ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. 2020-21 കാലത്ത് തിരുവനന്തപുരം മേഖല യൂണിയന്റെ ആഭ്യന്തര സംഭരണത്തിൽ ദിനംപ്രതി ശരാശരി 39599 ലിറ്ററിന്റെ വർദ്ധനവുണ്ടായി. എറണാകുളം മേഖല യൂണിയന്റെ പ്രതിദിന ശരാശരി സംഭരണത്തിൽ 25502 ലിറ്ററിന്റെ വർദ്ധനവുണ്ടായി. മലബാർ മേഖല യൂണിയന്റെ ശരാശരി പ്രതിദിന പാൽ സംഭരണത്തിൽ 51572 ലിറ്ററിന്റെ വർദ്ധനവ് രേഖപ്പെടുത്തി. ഈ സാഹചര്യത്തിൽ 53.93 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ ധനസഹായത്തോടെ മലബാർ മേഖലാ യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലെ മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | പാലുല്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനടുത്തെത്തുകയും മലബാർ മിൽമ | (ബി) | ഉണ്ട്. സഹകരണ മേഖലയിൽ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ച മലബാർ മേഖല |

| | | | |
|---|---|---|---|
| | യൂണിയനിൽ ഉല്പാദനം വില്പനയെ അധികരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വഴി ഉല്പന്ന വൈവിധ്യവത്ക്കരണത്തിന് പദ്ധതിയുണ്ടോ; | | കോവിഡ് ലോക്ക്ഡൗൺ കാലഘട്ടത്തിൽ സംഭരിക്കുന്ന പാൽ മുഴുവൻ വിപണനം നടത്തുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിരുന്നു. കടകളിലെയും ഹോട്ടലുകളിലെയും വില്പന നിലച്ചതാണ് ഇതിന് പ്രധാന കാരണം. ഉല്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും മിൽമ സംഭരിച്ച് അധികമുള്ള പാൽ പാൽപ്പൊടിയാക്കി സൂക്ഷിക്കുന്നതിനായി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നു. ഇതിന് ഒരു ശാശ്വത പരിഹാരമെന്ന നിലയ്ക്കാണ് പാൽപ്പൊടി ഫാക്ടറി സംസ്ഥാനത്ത് സ്ഥാപിക്കുന്നത്. മലബാർ മിൽമ യൂണിയനിൽ ഉൽപ്പാദനം വിൽപ്പനയെ അധികരിച്ച സാഹചര്യത്തിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വഴി ഉൽപ്പന്ന വൈവിധ്യവത്ക്കരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മലബാർ മേഖലാ യൂണിയന് കീഴിൽ കേരളത്തിന് പുറത്തേയ്ക്ക് 2019-20 വർഷത്തിൽ ഒരു കോടി എഴുപത് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി അറുനൂറ്റി പതിനാറ് (1,70,39,616 ) രൂപയുടെയും 2020-21 വർഷത്തിൽ രണ്ട് കോടി നാല് ലക്ഷത്തി ഇരുപത്തി എട്ടായിരത്തി നാനൂറ്റെട്ട് രൂപയുടെയും (2,04,28,408 ) നെയ്യ്, പേഡ, പാലട എന്നീ പാലുൽപ്പന്നങ്ങളുടെ വിപണനം നടത്തിയിട്ടുണ്ട്. കൂടാതെ, 2019-20 ൽ എട്ട് കോടി എൺപത്തിരണ്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി നാനൂറ്റി മുപ്പത് (8,82,65,430 ) രൂപയുടെ 175 ടൺ നെയ്യും 2020-21 ൽ എട്ട് കോടി മുപ്പത്തിയെട്ട് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി ഒരുനൂറ്റി ഒൻപത് രൂപയുടെ (8,38,79,109 ) 65 ടൺ നെയ്യും മലബാർ മേഖലാ യൂണിയൻ കയറ്റുമതി ചെയ്തിട്ടുണ്ട്. |
| (സി) | ക്ഷീര സഹകരണ മേഖലയിലെ അധിക പാൽ സംഭരണം കണക്കിലെടുത്ത് സംസ്ഥാനത്ത് പാൽപ്പൊടി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | മലപ്പുറം ജില്ലയിലെ മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിന് തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# L.A INTERPELLATION- TIME LIMIT

No. D1/128/2021-DD **Agriculture (Dairy Development) Department,**
Thiruvananthapuram, Dated: 20.07.2021

From,
The Secretary to Government

To,
The Director, Dairy Development, Thiruvananthapuram

Sir,

**Sub: Agri (Dairy) - 15th KLA – 2nd Session - L.A Interpellation on Unstarred Question No. 1336 – Reply on 27.07.2021 - reg.**

************

Information on the points mentioned below for preparing the answer to L.A Interpellation should be furnished to this department **by return** without fail. (A soft copy shall also be forwarded to the e-mail id: **agridairydept@gmail.com)**

Yours faithfully,

For Secretary to Government

***Points on which information is required***

**സീനിയർ ക്ഷീരവികസന ഓഫീസർ നിയമനത്തിനുള്ള മാനദണ്ഡങ്ങൾ**

1336 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വികസന വകുപ്പിൽ സീനിയർ ക്ഷീരവികസന ഓഫീസർ എന്ന തസ്തിക ഉണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തിക അനുവദിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?